## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :720** **29.05.2019-ൽ മറുപടിക്ക്**

## പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭിക്കുന്ന വിധത്തിൽ നിയമാവലി ഭേദഗതി ചെയ്തുകൊണ്ട് കാർഷികാനുബന്ധ വായ്പകൾ കൂടുതൽ നൽകുന്നതിന് സംഘങ്ങൾക്ക് പ്രേരണയും പ്രചോദനവും നൽകാൻ തയ്യാറാകുമോ; | (എ) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി, സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികളും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് 04/2007 സർക്കുലർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്ന് 39/06 സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സ്ഥാപനങ്ങൾ മുന്നോട്ട് വരുന്ന പക്ഷം നിയമാവലി ഭേദഗതിയിലൂടെ കാർഷിക അനുബന്ധ വായ്പകൾ വർദ്ധിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | 2010-ൽ നടന്ന സഹകരണ സംഘങ്ങളുടെ തരംതിരിവ് മാനദണ്ഡങ്ങൾ കാലഹരണപ്പെട്ടതിനാൽ മൂന്ന് വർഷത്തിലൊരിക്കൽ അവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യേണ്ട ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ ഉടനെ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാന സർക്കാർ 2010 ൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ /ബാങ്കുകളുടെ നിലവിലുണ്ടായിരുന്ന ക്ലാസിഫിക്കേഷൻ വ്യസ്ഥകൾ ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ക്ലാസിഫിക്കേഷൻ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി വരുത്തണമെന്ന സഹകാരികളുടെ അപേക്ഷ പ്രകാരം 2013 ൽ ചില വ്യവസ്ഥകൾ കൂടി ഭേദഗതി വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകകയും ആയതിന്റെ അടിസ്ഥാനത്തിൽ 2013 ൽ 32/2013 സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**